(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ തുടർ വിദ്യാഭ്യാസ പദ്ധതിയ്ക്ക് കേരള സംസ്ഥാന സാക്ഷരതാമിഷനും സ്റ്റേറ്റ് റിസോഴ്സ് സെന്ററും ജില്ലാതലത്തിൽ ജില്ലാ ലിറ്ററസി മിഷനുമാണ് നേതൃത്വം നൽകുന്നത്.

(ഇ) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്ലാന്റേഷൻ ടാക്സ് നൽകേണ്ട തോട്ടങ്ങൾ

1 (4280) ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. അച്യുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ ടാക്സ് നൽകേണ്ടതായിട്ടുള്ള എത്ര തോട്ടങ്ങൾ ഉണ്ട് ;

(ബി) ഇതിൽ പുട്ടിയിടപ്പെട്ട തേയില തോട്ടങ്ങൾ എത്ര ;

(സി) ഈ ഇനത്തിൽ എത്ര കുടിശ്ശിക കിട്ടാനുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 5304 തോട്ടങ്ങൾ.

(ബി) 11 എണ്ണം.

(സി) 1,14,36,356 രൂപ കുടിശ്ശികയിനത്തിൽ കിട്ടാനുണ്ട്.

ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2 (4281) ശ്രീ. കെ. അച്യുതൻ :
ശ്രീമതി മേഴ്സി രവി :
ശ്രീമതി മലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിൽഡിംഗ് ടാക്സ് ഇനത്തിൽ കഴിഞ്ഞ വർഷം എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചെന്ന് പറയാമോ :

LIBRARY ARCHIVES Kerala Legislative Assembly